LIBRARY ARCHIVES Kerala Legislative Assembly

ഹെൽമറ്റ് ധാരികളായ യാത്രക്കാർ

336 (342) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജനുവരി 31 വരെ ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രികരിൽ നിന്ന് എന്ത് തുക പിരിച്ചെടുക്കുന്നതിനാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇതിൽ നിന്നുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) ഹെൽമറ്റ് ധരിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നത്തിന് കാരണമാവുന്ന രോഗികളായ യാത്രക്കാർക്കായി ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ടാർജറ്റ് നിശ്ചയിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല

(സി) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവനുവദിക്കേണ്ടതായ കേസ്സുകളിൽ മോട്ടോർ വാഹന വകുപ്പ് ഇളവനുവദിച്ച് നൽകുന്നുണ്ട്. അതിനാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനെ കുറിച്ച് ആലോചിച്ചിട്ടില്ല.

ഹെൽമറ്റ് ധരിക്കാത്ത യാത്രക്കാരിൽ നിന്ന് ഈടാക്കിയ പിഴ

337 (343) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹെൽമറ്റ് ധരിക്കാത്ത രോഗികളുൾപ്പെടെയുള്ള ടൂവീലർ യാത്രക്കാരിൽ നിന്ന് എന്ത് തുക പിഴയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട് ;

(ബി) പ്രസ്തുത തുക മുൻ സർക്കാരിന്റെ ഇതേ കാലയളവിൽ പിരിച്ചെടുത്ത തുകയുമായി താരതമ്യം ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) യഥാർത്ഥ രോഗികൾക്ക് ഇളവ് നൽകാത്ത പിഴ ഈടാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 51,72,93,200 രൂപ.

(ബി) ഇല്ല.

(സി) രോഗികൾക്ക് ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്ന് പ്രത്യേകമായി ഇളവ് അനുവദിക്കുന്നതിന് 1988-ലെ മോട്ടോർ വാഹന നിയമത്തിലോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല എന്നാൽ യഥാർത്ഥ രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാനുഷികമായ പരിഗണന നൽകി ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ മോട്ടോർ വാഹന വകുപ്പ് ഇളവ് നൽകാറുണ്ട്.

ഹെൽമറ്റ് നിർബന്ധമാക്കുന്ന നിയമത്തിൽ ഇളവ്

338 (344) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹെൽമറ്റ് ധരിക്കാത്ത ആരോഗ്യപ്രശ്നങ്ങളുള്ള ടൂ വീലർ യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുന്ന നിയമത്തിൽ ഇളവ് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(ബി) ഹെൽമറ്റ് ധരിക്കുന്നതിലെ അസൗകര്യം കണക്കിലെടുത്ത്, പിൻസീറ്റ് യാത്രക്കാർക്ക് ഇളവ് അനുവദിച്ച സംസ്ഥാന സർക്കാർ, എന്തുകൊണ്ട് യഥാർത്ഥ രോഗികളായവർക്ക് ഇളവനുവദിക്കുന്നില്ലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രോഗികൾക്ക് പ്രത്യേകമായി ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്ന് ഇളവ് അനുവദിക്കുന്നതിന് 1988-ലെ മോട്ടോർ വാഹന നിയമത്തിലോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല എന്നാൽ യഥാർത്ഥ രോഗികളെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാനുഷികമായ പരിഗണന നൽകി മോട്ടോർവാഹന വകുപ്പ് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly